## പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6030** **04.07.2019 -ൽ മറുപടിയ്ക്ക്**

**ഐ.റ്റി. അറ്റ് സ്കൂൾ**

ചോദ്യം **ഉത്തരം**

**ശ്രീ.റോജി എം. ജോൺ**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഐ.റ്റി. അറ്റ് സ്കൂൾ വഴി നൽകുന്ന വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാൻസ് സംവിധാനത്തിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ;

എ) ഉണ്ട്.

ബി) ഈ പുതിയ സംവിധാനത്തിന്റെ മെച്ചമെന്താണ്;ഈ പുതിയ പദ്ധതി യെകുറിച്ച് വിദ്യാഭ്യാസ സ്ഥാപന അധികൃതർക്ക് പരിശീലനം സംഘടി പ്പിച്ചിട്ടുണ്ടോ;വിവരിക്കാമോ?

ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ (ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ)ഡി.ബി.റ്റി ആയി വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഐ.റ്റി @ സ്കൂളിന്റെ പോർട്ടൽ മുഖേന പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്കാണ് തുക വിതരണം ചെയ്തിരുന്നത്. നടപ്പു വർഷം മുതൽ ഇ-ഗ്രാൻറ്സ് പോർട്ടൽ മുഖേന വിദ്യർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക വിതരണം നടത്തുന്നതിന് സാധിക്കും. അക്കൗണ്ടുകളിലെ ന്യൂനതമൂലം തുക റിജക്ട് ചെയ്യപ്പെട്ടാൽ സ്കൂൾ തലത്തിൽ തന്നെ അത് പരിഹരിച്ച് എളുപ്പത്തിൽ അർഹതപ്പെട്ടവർക്ക് തുക ലഭ്യമാക്കാനാവും. ഒ.ബി.സി, ഒ.ഇ.സി, എസ്.സി വിഭാഗങ്ങൽക്കുള്ള പ്രീമെട്രിക് തല വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് ഏകീകൃത പോർട്ടൽ ആയി ഇ-ഗ്രാൻറ്സ് 3.0 ഉപയോഗിക്കുന്നത് മൂലം സ്ഥാപനങ്ങൾക്ക് പ്രസ്തുത വിഭാഗങ്ങളുടെ ഡാറ്റാ എൻട്രി ഏക ജാലക സംവിധാനത്തിലൂടെ നടത്താൻ സാധിക്കും. ഇ-ഗ്രാൻറ്സ് ഡാറ്റാ എൻട്രി സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് മുഖേന പരിശീലനം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ